# കേരള വനം വകുപ്പ്
# തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷൻ

## തൊണ്ടി ലേല പരസ്യം

നമ്പർ. ആർ.1369/2014

തീയതി : 06/01/2015

തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള താഴെപ്പറയുന്ന റെയിഞ്ചുകളിലെ വിവിധ ഫോറസ്റ്റു കേസുകളിൽപ്പെട്ട തൊണ്ടി തടികൾ, വിറകു, കരി യന്ത്രസാമഗ്രികൾ മുതലായവ 2015 വർഷത്തിലെ ഫെബ്രുവരി മാസം മുതൽ ഓരോ മാസവും താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ അതാതു റെയിഞ്ചിൽ അതിനു നേരെ കാണിച്ചിരിക്കുന്ന തീയതികളിൽ പകൽ 11 മണിക്കു തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റാഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥനോ പട്ടികയിൽ കാണിച്ചിരിക്കുന്ന സ്ഥലത്തു വച്ച് 11.12.2012 പ്രൊ(5)-26274/12 നമ്പരായി 25.12.2012-ലെ കേരളാ ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. നിർദ്ദിഷ്ട ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം അടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് ലേലം നടത്തുന്നതായിരിക്കും.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസമയത്തിനു മുമ്പായി ഈട്ടി/തേക്കു തടികൾക്ക് 10,000/- രൂപയും മറ്റു തടികൾക്ക് 5,000/- രൂപയും മറ്റു വനവിഭവങ്ങൾക്ക് 1000/- രൂപയും ക്രമത്തിൽ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ വിളിച്ചിട്ടുള്ള തൊണ്ടി സാധനങ്ങളുടെ വില പതിനായിരം രൂപയിൽ കവിയുന്ന പക്ഷം ലേലത്തുകയുടെ 35 ശതമാനം അല്ലെങ്കിൽ 10,000/- രൂപയോ ഇതിൽ ഏതാണ് കൂടുതൽ ആയതു ലേലം കഴിഞ്ഞാലുടൻ കെട്ടിവയ്ക്കേണ്ടതാണ്. എന്നാൽ കോടതി ഉത്തരവനുസരിച്ച് കേസ്സു നിലവിലിരിക്കേ ലേലം ചെയ്യപ്പെടുന്ന തൊണ്ടിവസ്തുകളുടെ മൊത്തം വില ലേലദിവസം തന്നെ അടയ്ക്കേണ്ടതാണ്.

ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന നോട്ടീസിന്റെ തീയതി മുതൽ 60 ദിവസത്തിനകം ബാക്കി ലേലത്തുകയും നിയമാനുസൃത നികുതികളും മൊത്തസംഖ്യയ്ക്കു നിലവിൽ പ്രാബല്യത്തിലുള്ള ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായനികുതിയും ഒടുക്കി ലേലത്തിൽ പിടിച്ചിട്ടുള്ള സാധനങ്ങൾ നീക്കം ചെയ്യണ്ടേതാണ്. ലേലത്തുക ഈ കാലാവധിയ്ക്കുള്ളിൽ അടയ്ക്കാതിരുന്നാൽ ലേലം റദ്ദു ചെയ്യുന്നതും ലേലക്കാരൻ അടച്ചിട്ടുള്ള തുക സർക്കാരിലേയ്ക്കു മുതൽ കൂട്ടുന്നതും ടി ലേലത്തിൽ പിടിച്ച സാധനങ്ങൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്തു വിൽക്കുമ്പോൾ സർക്കാരിന് നഷ്ടം ഉണ്ടാവുകയാണെങ്കിൽ അപ്രകാരമുള്ള നഷ്ടം, പരസ്യക്കൂലി മുതലായവ വ്യവസ്ഥയ്ക്കു വിധേയമായി മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭമുണ്ടാവുകയാണെങ്കിൽ ആയതിനു മുൻ ലേലക്കാരനു യാതൊരു അവകാശവും ഇല്ലാത്തതും ആകുന്നു.

ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ലേലം തുടങ്ങുന്നതിനു മുമ്പായി ലേലത്തിനു വച്ചിട്ടുള്ള സാധനങ്ങളുടെ നിൽപ്പു സ്ഥിതിയും അളവുകളും മറ്റു വിശദവിവരങ്ങളും ബോധ്യപ്പെട്ടിരിക്കേണ്ടതും, ലേലത്തിനു ശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതികളും പരിഗണിക്കുന്നതല്ലാത്തതുമാകുന്നു. ലേലത്തിനു ശേഷം കാലാവസ്ഥ കാരണമോ, അഗ്നി, വെള്ളപൊക്കം, ഉരുൾപൊട്ടൽ മുതലായ കെടുതികൾ മൂലമോ, തടി, വിറക്, മറ്റ് സാധനങ്ങൾ എന്നിവയ്ക്കുണ്ടാകുന്ന നഷ്ടത്തിനോ അളവു വ്യത്യാസത്തിനോ, വനംവകുപ്പിനു ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

ലേലവ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ ആവശ്യമായി വരുന്നപക്ഷം അവയും ലേലത്തിൽ പങ്കെടുക്കുന്നവരെ വായിച്ചു കേൾപ്പിച്ച് ബോധ്യപ്പെടുത്തുന്നതായിരിക്കും.

| ക്രമ നമ്പർ | റെയിഞ്ചിന്റെ പേരും സ്ഥലവും | ലേലത്തീയതി | ലേലസ്ഥലം |
|---|---|---|---|
| 1 | കൂളത്തൂപ്പുഴ റെയിഞ്ചാഫീസ് കുളത്തൂപ്പുഴ | 11.2.2015 | റെയിഞ്ചാഫീസ് കോമ്പൗണ്ട്, കുളത്തൂപ്പുഴ |
| | | 13.3.2015 | |
| | | 13.4.2015 | |
| | | 13.5.2015 | |
| | | 11.6.2015 | |
| | | 14.7.2015 | |
| | | 13.8.2015 | |
| | | 11.9.2015 | |
| | | 12.10.2015 | |
| | | 11.11.2015 | |
| | | 14.12.2015 | |
| 2 | പരുത്തിപ്പള്ളി റെയിഞ്ചാഫീസ് പരുത്തിപ്പള്ളി | 18.2.2015 | റെയിഞ്ചാഫീസ് കോമ്പൗണ്ട്, പരുത്തിപ്പള്ളി |
| | | 19.3.2015 | |
| | | 18.4.2015 | |
| | | 18.5.2015 | |
| | | 18.6.2015 | |
| | | 17.7.2015 | |
| | | 17.8.2015 | |
| | | 14.9.2015 | |
| | | 14.10.2015 | |
| | | 16.11.2015 | |
| | | 17.12.2015 | |
| 3 | പാലോടു റെയിഞ്ചാഫീസ് പാലോട് | 27.2.2015 | റെയിഞ്ചാഫീസ് കോമ്പൗണ്ട്, പാലോട് |
| | | 25.3.2015 | |
| | | 25.4.2015 | |
| | | 25.5.2015 | |
| | | 25.6.2015 | |
| | | 24.7.2015 | |
| | | 24.8.2015 | |
| | | 23.9.2015 | |
| | | 26.10.2015 | |
| | | 25.11.2015 | |
| | | 23.12.2015 | |

ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അതാതു റെയിഞ്ചാഫീസുകളിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ അന്വേഷിച്ചറിയാവുന്നതാണ്.

ഡിവിഷണൽ ഫോറസ്റ്റാഫീസർ
(കേരളാ ഗവർണ്ണർക്കു വേണ്ടി)

ഡിവിഷണൽ ഫോറസ്റ്റാഫീസ്
**തിരുവനന്തപുരം**

3